പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1078. | 10.06.2019 ൽ മറുപടിയ്ക്ക്

## മാടായി ഐ.ടി.ഐ. യിൽ പുതിയ കോഴ്സുകൾ

*ചോദ്യം* | *ഉത്തരം*

ശ്രീ.റ്റി.വി.രാജേഷ് :

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.യിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ട്രെയിനിംഗ് ഡയറക്ടറുടെ ശിപാർശയിന്മേൽ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;<br><br>**(ബി)** പുതിയ കോഴ്സുകൾ എത്രയും വേഗം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ? | **(എ) & (ബി)** കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.യിൽ ഫിറ്റർ, മെക്കാനിക് മോട്ടോർ വെഹിക്കിൾ, മെക്കാനിക് റെഫ്രിജറേഷൻ & എയർകണ്ടീഷനിംഗ്, മെഷിനിസ്റ്റ്, വെൽഡർ എന്നീ ട്രേഡുകൾ ആരംഭിക്കുന്നതിനായി ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ച ശുപാർശ പരിശോധിക്കുന്നതിനായി ടി ട്രേഡുകളിലെ കഴിഞ്ഞ 3 മുതൽ 5 വരെ വർഷങ്ങളിലെ പ്ലെയിസ്മെന്റ് വിവരം, മാർക്കറ്റ് സ്റ്റഡി/ഇൻഡസ്ട്രി അനാലിസിസ് നടത്തി ടി ട്രേഡുകളുടെ തൊഴിൽ സാധ്യത സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കാൻ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ